# നീര ചെത്തൽ ഓർഡിനൻസ് ഇറക്കിയേക്കും

പറവൂർ- നീര ചെത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി അബ്കാരി നിയമം ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ താമസിയാതെ ഓർഡിനൻസ് ഇറക്കിയേക്കും. എക്സൈസ് വകുപ്പാണ് തെങ്ങ് ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത്. ഇതിനിടെ നീര ചെത്തുന്നതിനുള്ള അവകാശം തെങ്ങിന്റെ ഉടമയായ കർഷകന് നൽകണമെന്ന് വിവിധ കർഷക സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരകൃഷി വ്യാപകമായുള്ള പല രാജ്യങ്ങളിലും നീര ഉൾപ്പെടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ചാണ് നാളികേര കർഷകർ വരുമാനം ഉണ്ടാക്കുന്നത്.